പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272 — 03.02.2020 ൽ മറുപടിക്ക്

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.എം. സി. കമറുദ്ദീൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മംഗൽപാടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉളളത് എന്ന് വ്യക്തമാക്കാമോ; | (എ) | മംഗൽപാടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു<br>1. അസിസ്റ്റന്റ് സർജൻ - 1<br>2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 1<br>3. ജൂനിയർ കൺസൾട്ടന്റ് - 1<br>4. പബ്ലിക് ഹെൽത്ത് നഴ്സ് - 2<br>5. ഒപ്റ്റോമെട്രിസ്റ്റ് - 1<br>6. ലാബ് ടെക്നീഷ്യൻ - 1<br>7. സ്റ്റാഫ് നഴ്സ് - 3 |
| (ബി) | താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും ഇവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മംഗൽപ്പാടി സാമൂഹികാരോഗ്യകേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയതോടൊപ്പം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. അസിസ്റ്റന്റ് ഡയറക്ടർ - 1<br>2. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1<br>3. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4<br>4. സ്റ്റാഫ് നഴ്സ് - 4<br>5. ലാബ് ടെക്നീഷ്യൻ - 1<br>6. ഹോസ്പിറ്റൽ അറ്റൻഡർ - 2 |
| (സി) | മെഡിക്കൽ ഓഫീസർ ഉൾപ്പടെ മതിയായ ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും ഇല്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതും കാരണം ആശുപത്രിയുടെ സേവനം രോഗികൾക്ക് കൃത്യമായി ലഭിക്കാത്ത സാഹചര്യത്തിൽ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ അനുവദിക്കപ്പെട്ട ജീവനക്കാരെ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ പ്രാഥമികമായ എല്ലാ സേവനങ്ങളും, ഐ.പി.സേവനവും നൽകി വരുന്നുണ്ട്. കൂടാതെ ടി ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ